# Siraj

# 29 July 2018

# Kochi, After Flood, Flood Victims, Free Ration

## ദുരിതബാധിതർക്ക് സൗജന്യ റേഷൻ നൽകണമെന്ന് ജില്ലാ വികസനസമിതിയിൽ ആവശ്യം

**കൊച്ചി:** കാലവർഷക്കെടുതിയുടെ ദുരിതമനുഭവിക്കുന്ന പ്രദേശങ്ങളിലുള്ളവർക്ക് സൗജന്യ റേഷൻ വിതരണം നടത്തണമെന്ന് എൽദോ എബ്രഹാം എം എൽ എ ജില്ലാ വികസനസമിതിയിൽ ആവശ്യപ്പെട്ടു. കനത്ത മഴയിൽ പൂർണ്ണമായോ ഭാഗികമായോ വീടു നശിച്ചവരും കൃഷി നശിച്ചവരുമുണ്ട്. ഇതിന്റെ നഷ്ടപരിഹാരത്തുകയും മറ്റും ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാക്കി വരുന്നതേയുള്ളൂ. ഈ സാഹചര്യത്തിൽ സൗജന്യറേഷൻ വലിയ ആശ്വാസമാകും. കാലവർഷത്തെത്തുടർന്ന് മുങ്ങിമരിച്ച സരസ്വതി, കുഞ്ചു എന്നിവരുടെ ആശ്രിതർക്ക് അടിയന്തിരമായി ധനസഹായം നൽകണമെന്നും ആവശ്യപ്പെട്ടു. 2012ൽ ഉരുൾപൊട്ടലുണ്ടായ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ മണിപ്പാറ പ്രദേശവാസികൾ ഈ വർഷത്തെ പ്രതികൂല കാലാവസ്ഥയിൽ ആശങ്കാകുലരാണെന്നും ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ദുരന്തനിവാരണ അതോറിറ്റി ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് അവരുടെ ഭീതിയകറ്റണമെന്നും എം എൽ എ ആവശ്യപ്പെട്ടു. പുഴയോരങ്ങൾ സംരക്ഷണ ഭിത്തി കെട്ടി സുരക്ഷിതമാക്കണമെന്നും പരിതപ്പുഴ ചെക്ക് ഡാമിനു സമീപത്ത് താമസിക്കുന്ന ഒമ്പത് കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വെള്ളപ്പൊക്കത്തിൽ മൂടിപ്പോയ കിണറുകൾ മാലിന്യമുക്തമാക്കുന്നതിൽ ആരോഗ്യവകുപ്പ് ജാഗ്രത പുലർത്തണമെന്നും അദ്ദേഹം പറഞ്ഞു.

കേടുപാടുകൾ വന്ന പി ഡബ്ല്യു ഡി റോഡുകളുടെയും ഗ്രാമീണ റോഡുകളുടെയും നാശനഷ്ടം ഉദ്യോഗസ്ഥർ അടിയന്തിരമായി തിട്ടപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നും എൽദോ എബ്രഹാം ആവശ്യപ്പെട്ടു. വോട്ടർ പട്ടികയിൽ പേരുചേർക്കുന്നതിൽ ഉദ്യോഗസ്ഥർ പക്ഷപാതപരമായി പെരുമാറരുതെന്ന് പി ടി തോമസ് എം എൽ എ പറഞ്ഞു. അർഹരായ മുഴുവൻ പേർക്കും സമ്മതിദാനാവകാശം വിനിയോഗിക്കാൻ അവസരം നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. തൃക്കാക്കരയിൽ വെള്ളപ്പൊക്കമുണ്ടായത് കനാൽ കയ്യേറ്റം നിമിത്തമാണെന്നും ഇത്തരം കയ്യേറ്റങ്ങൾ എത്രയും വേഗം ഒഴിപ്പിക്കണമെന്നും എം എൽ എ ആവശ്യപ്പെട്ടു. രേഖകൾ നൽകുന്നതിൽ വില്ലേജ് ഓഫീസുകളിലുണ്ടാവുന്ന കാലതാമസം ഒഴിവാക്കണമെന്നും കമ്പ്യൂട്ടർ പ്രവർത്തിക്കാത്തതാണു കാരണമെങ്കിൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് എം എൽ എ ഫണ്ടിൽ നിന്നും തുക അനുവദിക്കുമെന്നും അദ്ദേഹം പറഞ്ഞു. അരൂർ മുതൽ ഇടപ്പള്ളി വരെയുള്ള പാതയോരത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ആവശ്യപ്പെട്ടു.

കോതമംഗലത്ത് കാടുമൂടിക്കിടക്കുന്ന കോട്ടപ്പടി, കുട്ടമ്പുഴ പ്രദേശങ്ങളിലെ രൂക്ഷമായ വന്യമൃഗശല്യം പരിഹരിക്കുന്നതിന് ഫെൻസിംഗ് പൂർത്തിയാക്കണമെന്ന് ആന്റണി ജോൺ എം എൽ എ ആവശ്യപ്പെട്ടു. വെള്ളപ്പൊക്കത്തെ തുടർന്ന് കുട്ടമ്പുഴ പഞ്ചായത്തിൽ നിരവധി ആദിവാസി കുടുംബങ്ങൾ ഒറ്റപ്പെട്ടു. ടോമി എന്നയാളുടെ മരണം നാടിന്റെ വേദനയായി മാറിയതായും അദ്ദേഹം പറഞ്ഞു. ചപ്പാത്ത് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കടത്തുവള്ളം പോലും കൊണ്ടുവരാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഭൂതത്താൻകെട്ട് വട്ടുപാറ റോഡുൾപ്പെടെ കനാൽ ബണ്ട് റോഡുകൾ അതീവ ശോച്യാവസ്ഥയിലാണെന്നും പരിഹാര നടപടികൾ ത്വരിതപ്പെടുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കാലവർഷത്തെ തുടർന്ന് ഡാമുകൾ തുറക്കേണ്ട സാഹചര്യം വരികയാണെങ്കിൽ വെള്ളത്തിനടിയിലാകാൻ സാധ്യതയുള്ള പ്രദേശങ്ങളിലുള്ളവരെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വി പി സജീന്ദ്രൻ എം എൽ എ പറഞ്ഞു.